**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2733** **13-12-2022 - ൽ മറുപടിയ്ക്ക്**

**കേരള സോപ്പ്സ്, സി.ഐ.സി.എഫ്.എസ്. എന്നീ സ്ഥാപനങ്ങളിലെ ശമ്പള പരിഷ്കരണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ . എൻ . ഷംസുദ്ദീൻ</td><td colspan="2">ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കെ.എസ്.ഐ.ഇ. ക്ക് കീഴിലുള്ള കേരള സോപ്പ്സ്, സി.ഐ.സി.എഫ് .എസ്. എന്നീ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാരുടെയും കരാർ തൊഴിലാളികളുടെയും എണ്ണം സ്ഥാപനം തിരിച്ച് ലഭ്യമാക്കുമോ;</td><td>(എ)</td><td>കെ. എസ്. ഐ. ഇ. - യുടെ കേരള സോപ്പ്സ്, സി.ഐ.സി.എഫ്.എസ്. എന്നീ യൂണിറ്റുകളിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന സ്ഥിരം ജീവനക്കാരുടേയും കരാർ തൊഴിലാളികളുടേയും എണ്ണം ചുവടെ ചേർക്കുന്നു.
<table>
<tr><th>യൂണിറ്റ്</th><th>സ്ഥിരം ജീവനക്കാരുടെ എണ്ണം</th><th>പുറം കരാർ തൊഴിലാളികളുടെ എണ്ണം</th></tr>
<tr><td>കേരള സോപ്പ്സ്</td><td>20</td><td>54</td></tr>
<tr><td>കൊച്ചിൻ ഇന്റർനാഷണൽ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ (CICFS)</td><td>17</td><td>47</td></tr>
<tr><td>ആകെ എണ്ണം</td><td>37</td><td>101</td></tr>
</table></td></tr>
<tr><td>(ബി)</td><td>ഈ രണ്ടു സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് പേ റിവിഷൻ നടപ്പിലാക്കിയിട്ടുണ്ടോ; ഇതിന്റെ വിശദവിവരങ്ങൾ നൽകുമോ;</td><td>(ബി)</td><td>കെ. എസ്. ഐ. ഇ. - യുടെ കേരള സോപ്പ്സ്, സി.ഐ.സി.എഫ്.എസ്. എന്നീ യൂണിറ്റുകളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നിലവിൽ നടപ്പിലാക്കിയിട്ടില്ല. കെ. എസ്. ഐ. ഇ. - യിൽ 5 വർഷം പൂർത്തിയാകുന്ന മുറയ്ക്കാണ് ശമ്പള പരിഷ്കരണം നടത്താറുള്ളത്. നിലവിൽ പ്രസ്തുത യൂണിറ്റുകളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനായുള്ള പ്രൊപ്പോസൽ കമ്പനിയുടെ ഡയറക്ടർ ബോർഡിന്റെ പരിഗണനയിലാണ്.</td></tr>
<tr><td>(സി)</td><td>29.11.22ന് ചേർന്ന ബോർഡ് മീറ്റിംഗിൽ കേരള സോപ്പ്സിന്റെ ജീവനക്കാർക്ക് മാത്രം പേ റിവിഷൻ അംഗീകരിച്ച് സർക്കാരിന് ശിപാർശ നൽകുകയും സി.ഐ.സി.എഫ് .എസ്. ജീവനക്കാരെ ഒഴിവാക്കുകയും ചെയ്തത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് വിശദമാക്കുമോ; പ്രസ്തുത ബോർഡ് മീറ്റിംഗ്</td><td>(സി)</td><td>കെ.എസ്.ഐ.ഇ-യുടെ യൂണിറ്റുകളായ കേരള സോപ്പ്സ്, സി.ഐ.സി.എഫ്.എസ് -ലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച വിഷയം 29/11/2022 ന് ചേർന്ന കമ്പനിയുടെ 257-ാമത് ബോർഡ് യോഗം പരിഗണിക്കുകയും പെർഫോമൻസ് മികവിന്റെ അടിസ്ഥാനത്തിൽ കേരള സോപ്സിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് ശിപാർശ ചെയ്യാൻ ബോർഡ് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ബോർഡ് യോഗത്തിന്റെ നടപടിക്കുറിപ്പ് അംഗങ്ങളുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.</td></tr>
</table>

| | | | |
|---|---|---|---|
| | തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | | |
| (ഡി) | സി.ഐ.സി.എഫ്.എസ്. ജീവനക്കാർക്ക് കുടിശ്ശികയുള്ള രണ്ട് പേ റിവിഷനുകൾ അംഗീകരിച്ച് നടപ്പിലാക്കുവാൻ കെ.എസ്.ഐ.ഇ. നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | സി.ഐ.സി.എഫ്.എസ് യൂണിറ്റിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനായുള്ള പ്രൊപ്പോസൽ കമ്പനിയുടെ അടുത്ത ഡയറക്ടർ ബോർഡ് യോഗത്തിൽ സമർപ്പിക്കാൻ 29/11/2022 ൽ ചേർന്ന 257-ാമത് ബോർഡ് യോഗം നിർദ്ദേശിച്ചിട്ടുണ്ട്. ബോർഡ് അംഗീകാരം ലഭിച്ചാലുടൻ ശമ്പള പരിഷ്കരണത്തിനായുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ